"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക് വടക്കേക്കാട് വില്ലേജിൽ കല്ലിങ്ങൽ ജി.എം.എൽ.പി.എസ്. സ്കൂൾ നിർമ്മിക്കുന്നതിനായി സർവ്വേ നം.37/4-ൽപ്പെട്ട 11.98 ആർസ് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി പരിവർത്തനം ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/AGRI തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:- 1. വടക്കേക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം-2 അപേക്ഷ ഉള്ളടക്കം ചെയ്ത വടക്കേക്കാട് കൃഷി ഓഫീസറുടെ 17.05.2025-ലെ കത്ത് & 18.09.2025-ലെ VKD 12/25-26 നമ്പർ റിപ്പോർട്ട്.

2. 17.11.2025-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക് വടക്കേക്കാട് വില്ലേജിൽ കല്ലിങ്ങൽ ജി.എം.എൽ.പി.എസ് സ്കൂൾ നിർമ്മിക്കുന്നതിനായി സർവ്വേ നം.37/4-ൽപ്പെട്ട 16.99 ആർസ് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി വടക്കേക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 17.11.2025-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ വടക്കേക്കാട് വില്ലേജിൽ കല്ലിങ്ങൽ ജി.എം.എൽ.പി.എസ് സ്കൂൾ നിർമ്മിക്കുന്നതിന് സർവ്വേ നമ്പർ 37/4-ൽ ഉൾപ്പെട്ട 16.99 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി വടക്കേക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രസ്തുത ഭൂമിയിൽ ഒരു കുളം ഉള്ളത് ഒഴിവാക്കി ബാക്കി വരുന്ന 11.98 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കുളത്തിന്റെ സൈഡ് സംരക്ഷണ ഭിത്തിയുടെ മുകളിൽ അധിക സുരക്ഷ ഉറപ്പുവരുത്തുന്നതിന് "ഹാൻഡ്

റെയിൽ" സ്ഥാപിക്കുവാനും, നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.എ.കുഞ്ഞഹമ്മദ് റോഡിനോട് ചേർന്ന് വടക്ക വശത്തുള്ള തോടിലേക്ക് കാന നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ടെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ കുളം ഒഴികെ ബാക്കി വരുന്ന 11.98 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകാവുന്നതാണ്. പ്രസ്തുത സുരക്ഷാ ക്രമീകരണങ്ങൾ, പ്രസ്തുത ഭൂമിയുടെ പരിവർത്തനം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടുത്താതിരിക്കാൻ മുൻകരുതലുകൾ എന്നിവ സ്വീകരിക്കുന്നുണ്ടെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷാ ഭൂമിയിലുള്ള കുളത്തിന്റെ സൈഡ് സംരക്ഷണ ഭിത്തിയുടെ മുകളിൽ അധിക സുരക്ഷ ഉറപ്പുവരുത്തുന്നതിന് "ഹാൻഡ് റെയിൽ" സ്ഥാപിക്കേണ്ടതാണെന്നും, നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിനായി റോഡിനോട് ചേർന്ന് വടക്ക വശത്തുള്ള തോടിലേക്ക് കാന നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ, തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ വടക്കേക്കാട് വില്ലേജിൽ കല്ലിങ്ങൽ ജി.എം.എൽ.പി.എസ് സ്കൂൾ നിർമ്മിക്കുന്നതിന് സർവ്വേ നമ്പർ 37/4-ൽ ഉൾപ്പെട്ട 16.99 ആർസ് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിലെ കുളം ഒഴികെ ബാക്കി വരുന്ന 11.98 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത സുരക്ഷാ ക്രമീകരണങ്ങൾ, പ്രസ്തുത ഭൂമിയുടെ പരിവർത്തനം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടുത്താതിരിക്കാൻ മുൻകരുതലുകൾ എന്നിവ സ്വീകരിക്കുന്നുണ്ടെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ ഉറപ്പ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, തൃശ്ശൂർ.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ.
5. ഡോ.പി.ഒ.നമീർ, ഡീൻ കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
6. ഡോ.അനു ജി.കൃഷ്ണൻ, പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം, കോട്ടയം.
7. പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ.
8. കൃഷി ഓഫീസർ, വടക്കേക്കാട് , തൃശ്ശൂർ
9. വില്ലേജ് ഓഫീസർ വടക്കേക്കാട്, തൃശ്ശൂർ.

10. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
11. കരുതൽ ഫയൽ ഓഫീസ് കോപ്പി (ഫയൽ നം. NCA2/255/2025/AGRI)

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 31-01-2026 17:44:26
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2. കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.